# കൃഷ്ണമഹിമ മഥുരയുംവിട്ട് ദ്വാരകയിൽ

എങ്ങനെ മനുഷ്യമനസ്സിനു ബഹുമുഖയോഗ്യത ആർജിയ്ക്കാൻ കഴിയുന്നു, അതു സമാജത്തിന്റെ ഉപദ്രവങ്ങൾ നീക്കി അനുഗ്രഹങ്ങൾ വർഷിയ്ക്കുന്നു, അതിന്റെ ഭാഗമായി ഏറ്റവും അടുത്ത ബന്ധുക്കളെപ്പോലും ത്യജിയ്ക്കേണ്ടിവരുന്നു, ഇങ്ങനെ ഒട്ടനവധി പാഠങ്ങൾ വെളിപ്പെടുത്തുന്നതാണ് കൃഷ്ണജീവിതം.

(പേജ് 73)

മനസ്സിൽനിന്നു നിർഗളിയ്ക്കുന്നതാണ് സ്നേഹം, വിനയം, സാരള്യം, നേർമ എന്നിങ്ങനെ വിവിധഭാവങ്ങൾ. ഇതിലേതുംതന്നെ മനസ്സിനെ ഗ്രസിയ്ക്കാൻ ശക്തമാണ്. അങ്ങനെ വരുമ്പോഴാണ് ഭാവസമന്വയം ഉദിയ്ക്കുന്നത്.

(പേജ് 76)

ഏതു ഗുരുവിനും ശിഷ്യന്നായി നല്കാനുള്ളതു തന്നുള്ളിലെ അറിവാണ്. അതാണ് ഏറ്റവും വിലപിടിച്ചതും, ഉപയോഗപ്രദവുമായ മാനവസമ്പത്ത്. ഇതു ഗ്രഹിയ്ക്കാൻ കഴിഞ്ഞവനു പിന്നെയെന്തും സ്വപ്രയത്നംകൊണ്ട് നേടാനാവും. അറിവാണ് മനുഷ്യനെ പ്രവർത്തിപ്പിയ്ക്കാനുള്ളത്. ധനവും അഭിവൃദ്ധിയും ഐശ്വര്യവുമെല്ലാം പ്രവൃത്തിമൂലമാണ് വന്നുചേരുക.

(പേജ് 90)

ഭക്തഹൃദയം ഭഗവാനെപ്പോലെ വിശാലവും അനന്തവും ആകുമ്പോഴേ ഭക്തി അന്വർഥമാകൂ. എന്തു സംഭവത്തേയും ഒരു വിഷമവുമില്ലാതെ ഏറ്റെടുത്തു സ്വാംശമാക്കിത്തീർക്കാൻ ഭക്തനു കഴിയണം. ഇതിൽ ഭഗവാന്റെ ഒരംശംതന്നെയാകണം ഭക്തൻ.

(പേജ് 102)

**വേദാന്തസാഹിത്യം പ്രതിപാദിച്ചു പ്രചരിപ്പിയ്ക്കുന്ന സുവിദിതനായ സംന്യാസനിഷ്ഠനാണ് സ്വാമി ഭൂമാനന്ദതീർഥർ. 23-ാം വയസ്സിൽ സംന്യാസവൃത്തി സ്വീകരിച്ചതോടെ അദ്ദേഹം അവിരതം അനശ്വരജ്ഞാനത്തിന്റെ മഹിമയെ, അസാധാരണമായ ആശയത്തെളിച്ചത്തോടും പ്രായോഗിക മേന്മയോടുംകൂടി ഇന്ത്യയിലും വിദേശങ്ങളിലുമുള്ള ജിജ്ഞാസുക്കൾക്കു കലവറയില്ലാതെ ഉദ്ബോധിപ്പിച്ചുവരുകയാണ്. സ്വാമിജിയുടെ വാക്കുകൾ ഞെട്ടിയ്ക്കുന്ന യുക്തികൂർമതയോടെയാണ് നാഗരികചിന്തകനെ ഗ്രസിയ്ക്കുന്നതെങ്കിൽ, അനുഭവസാന്ദ്രമായ ആത്മസിദ്ധിയുടെ ഗാഢസ്പർശത്തോടെയാണ് ആത്മാർഥജിജ്ഞാസുവിനെ ആശ്ലേഷിയ്ക്കുന്നത്.**

## വിഷയവിവരം


**1**

**1 - 40**

- സുദർശനശംഖചൂഡന്മാരുടെ വരവ് വീഴ്ച
- വ്രജസ്ത്രീകളെ വീണ്ടെടുക്കൽ
- ഗോപികളുടെ വിരഹവിരാമഗാനം
- വിരഹംകടന്നേ ഭക്തി സഫലമാകൂ
- പ്രേമപാരവശ്യത്തെപ്പറ്റി യശോദയോട്
- തട്ടിക്കൊണ്ടുപോക്കിന് വധശിക്ഷതന്നെ
- കംസനെ വീണ്ടുമുണർത്താൻ നാരദൻ
- കൃഷ്ണരാമന്മാരെ കൊണ്ടുവരാൻ അക്രൂരൻ
- ശത്രുനിരയെ തട്ടിത്തകർത്ത് ഗോകുലമുന്നേറ്റം
- അടങ്ങാൻ കൂട്ടാക്കാത്ത ക്രൂരത
- കൃഷ്ണവധമോഹം വെടിയാത്ത മാതുലമനസ്സ്
- രാജകുമാരന്മാരെ വരുത്താൻ രാജോചിതക്ഷണം
- സർവസഹജമായ മന:സമസ്യകൾ
- പൊലിഞ്ഞുവീണ കേശിയാക്രമണം
- ഭാവികഥനവുമായി നാരദൻ കൃഷ്ണൻപക്കൽ
- ഭാവനാമധുരമായ ഗോകുലയാത്ര
- കൃഷ്ണന്റെ കാല്പാടിലുരുണ്ട അക്രൂരഭക്തി
- മഥുരകുശലം തേടുന്ന കൃഷ്ണസൗഹൃദം
- കൃഷ്ണയാത്ര പൊള്ളിച്ച ഗോപീമനസ്സുകൾ
- രഥം ഗോകുലം വിട്ടപ്പോൾ
- വൈകുണ്ഠവിസ്മയം കണ്ട് അക്രൂരസ്തുതി

**2**

**41 - 79**

- ബാലലീലയല്ല പോർപ്പരിശീലനംതന്നെ
- സാഫല്യമരുളിയ ഗോകുലയാത്ര
- ഉൾകുളിർക്കുന്ന എതിരേല്പ് സത്കാരം
- ശത്രുതയില്ലാഞ്ഞും വന്നുപിണഞ്ഞ പോരാട്ടം
- മഥുരയാത്ര തൊടുത്ത ഗോകുലഭർത്സനം
- രാമകൃഷ്ണവൈഭവമോതാൻ ജലദർശനം

2

41 - 79

- ഈശ്വരസങ്കല്പത്തിന്റെ വ്യാപ്തി പ്രഭാവം
- വന്നകാര്യം നടന്നേ വിരുന്ന് ആകാവൂ
- മഥുരാവാസികൾ തേടിയ നിഗ്രഹം അനുഗ്രഹം
- സ്നിഗ്ധമനസ്സിലെ തുറന്ന അഭിലാഷം
- ധനുർയാഗം കൊടികയറ്റിയ ബലപരീക്ഷകൾ
- മല്ലമേട ഉദ്ഘോഷിച്ച ഗോകുലപ്രൗഢി
- അസമമല്ലയുദ്ധം അന്യായമെന്നു കാണികൾ
- കംസന്റെ അട്ടഹാസവും പതനവും
- ഭയം അണച്ച കൃഷ്ണസായുജ്യം
- രാജസേവകർ ക്ഷണിച്ചുവരുത്തിയ സമ്മാനങ്ങൾ
- രജകകണ്ഠം അറുത്തു കുബ്ജയെ നിവർത്തി
- നഗരവാസികളുടെ കൂട്ടസ്വീകാരം
- കംസനിദ്രകെടുത്തിയ ധനുർഭേദനം
- അതുല്യരെ അതിപ്രബലരാക്കിയ മല്ലമത്സരം
- കാണികളിൽ പ്രതിഷേധം രചിച്ച ദ്വന്ദ്വയുദ്ധം
- ഭക്തി ശീലിയ്ക്കാൻ മനസ്സിന്റെ കൊച്ചംശം മതി
- ഈശ്വരാഭിമുഖത്വം പലതരത്തിലാകാം

3

81-107

- അച്ഛനമ്മമാരുടേയും ഉഗ്രസേനന്റേയും മുമ്പിൽ
- ഉപനയനശേഷം ഗുരുകുലവാസത്തിന്
- ലാളന ഏല്ക്കലും നല്കലും നരമനസ്സിനു മുഖ്യം
- മാതൃപിതൃസേവ ചെയ്യാത്തതു പാപം
- ജനങ്ങളെ മൂല്യബദ്ധരാക്കുക ഇതിഹാസോദ്ദേശം
- സക്ഷമവിദ്യാഭ്യാസം ഗുരുസന്നിധിയിലേ നടക്കൂ
- ഗുരുദക്ഷിണയെന്ന പവിത്രസങ്കല്പം
- ഗോകുലത്തെ സാന്ത്വനപ്പെടുത്താൻ ഉദ്ധവൻ
- സജ്ജനരക്ഷകക്കൃഷ്ണൻ പൊതുസ്വത്തുതന്നെ
- ഗോകുലക്കൂറുതന്നെ ആദ്യം
- സന്തുഷ്ടി വഴിയുന്ന വ്രജനികേതം
- ഗൃഹജീവിതത്തെ സമ്പന്നമാക്കുന്ന അധ്യാത്മത്വം

# 3
81-107

- സർവസുഹൃത്തായ കൃഷ്ണഹൃദയം
- ഉദ്ധവനെക്കണ്ട് അലച്ചൊഴുകിയ വ്രജമനസ്സുകൾ
- വണ്ടിനെ നോക്കി കൃഷ്ണന്റെ നേരെ
- ആശ്വാസമേകിയ ആരോപണം
- ഭക്തമനസ്സിലെ വിമർശനവെമ്പൽ

# 4
109-127

- ഉദ്ധവൻ പൊഴിച്ച സാന്ത്വനനിഷ്യന്ദികൾ
- മോഹനമായ കൃഷ്ണസന്ദേശം
- ചതിയനെ വിടാനാവാത്ത വ്രജാംഗനകൾ
- ഉദ്ധവനെ പൂജിച്ച് സന്ദേശശ്രവണം
- ഗോപികളെ പ്രണമിയ്ക്കുന്ന കൃഷ്ണദൂതൻ
- പ്രണയഭക്തി നല്കുന്ന  വിശേഷസ്വാതന്ത്ര്യം
- ആത്മവരണംചെയ്ത സുഭഗവനിതകൾ
- കൃഷ്ണക്കൊതിയ്ക്ക് ആത്മസായുജ്യം
- തത്ത്വചിന്ത അലങ്കരിയ്ക്കുന്ന പ്രിയസംവാദം
- ജ്ഞാനത്തെ അതിശയിയ്ക്കുന്ന ഭക്തിതരംഗങ്ങൾ
- ഉദ്ധവനെ പിടിച്ചുനിർത്തിയ വ്രജഹൃദയങ്ങൾ
- ഭക്തി സാർവത്രികപ്രസക്തം
- സർവാപ്ലുതമായ ഭക്തവ്യഗ്രത

# 5
129-143

- സൈരന്ധ്രീപ്രീണനം
- ഉത്തമമനസ്കന്റെ മുമ്പിൽ ഇടുങ്ങിയ യാചന
- തത്ത്വദീപ്തമായ അക്രൂരവരവേല്പ്
- ജലതീർഥത്തെ മങ്ങിപ്പിയ്ക്കുന്ന സജ്ജനതീർഥം
- കൃഷ്ണദൂതനായി ഹസ്തിനപുരത്തേയ്ക്ക്
- ധൃതരാഷ്ട്രനുമായുള്ള ധർമസംവാദം
- വാക്കുപാലിയ്ക്കൽ മുഖ്യമനുഷ്യമേന്മ
- സ്വജനപാശം അനാശാസ്യം

## 5

129-143

- സലിലം തീർഥമോ പ്രതിമ ദേവനോ അല്ല
- അന്ധരാജന്റെ മനസ്സിനും ആന്ധ്യമോ
- ഭാരതത്തിന് ആക്രമണപാരമ്പര്യമില്ല
- രാജവിലോപത്തിന് രാജശക്തിയേ തടയാകൂ

## 6

145-162

- കംസശ്വശുരൻ മഥുരാക്രമണത്തിന്
- യവനനുംകൂടി വന്നതോടെ  ദ്വാരകാനിർമാണം
- മുചുകുന്ദനിവേദനവും കൃഷ്ണസന്ദേശവും
- ഉത്തമഭക്തൻ ഒന്നിനും ആശിക്കില്ല
- മൂപ്പെളമ നോക്കാതെ ആദരിയ്ക്കുന്നത് ഉത്തമം
- ഇതിഹാസരചനയുടെ ഉദ്ദേശം ധർമപ്രതിപാദനം
- വർധിച്ചുവരുന്ന മഥുരകൃത്യങ്ങൾ
- ഭൂഭാരം കുറയ്ക്കൽ എന്നന്നേയ്ക്കും പ്രസക്തം
- നാശകമായ ഹരിതഗൃഹപ്രഭാവം
- ദ്വാരകാപ്രവേശവും യവനാന്ത്യവും
- ഏകാന്തഭക്തന്ന് വരാഭിലാഷമോ

## 7

163-188

- വസുദേവപുത്രന്മാർ വിവാഹിതരാകുന്നു
- വിദർഭവിപ്രൻ കൊണ്ടുവന്ന സ്വയംവരസന്ദേശം
- കൃഷ്ണന്റെ സമ്മതവും വിദർഭഗമനവും
- വിദർഭകന്യ കൃഷ്ണഹസ്തങ്ങളിൽ
- സാന്ത്വനപ്പെട്ട ശിശുപാലൻ ആളിക്കത്തിയ രുക്മി
- കെട്ടിവരിഞ്ഞ് വിരൂപനാക്കപ്പെട്ട രുക്മി
- കൃഷ്ണന് ശാസനം രുക്മിണിയ്ക്ക് ആത്മതത്ത്വം
- വ്രജലീലകൾ പയറ്റിച്ച മഥുരസാഹസങ്ങൾ
- മന:പൊരുത്തത്തിന്മേലുള്ള കന്യാനടപടി
- സർവരേയും കബളിപ്പിച്ച പാണിഗ്രഹണം

**7**

**163-188**

- എട്ടുതരം വിവാഹക്രമങ്ങൾ
- വിദർഭക്കാർക്കും കൃഷ്ണൻതന്നെ സമ്മതം
- തുറന്ന പാണിഗ്രഹണം പൊരിഞ്ഞ പടയെതിർപ്പ്
- വധാർഹനെങ്കിലും ബന്ധുവെ വധിയ്ക്കരുത്
- ആത്മതത്ത്വം അനുവദിയ്ക്കാത്ത ഭ്രാതൃപാശം
- വധുവിനെ സമാധാനിപ്പിച്ച ആത്മോപദേശം
- രുക്മി ഭോജകടത്തിൽ രുക്മിണി ദ്വാരകയിൽ

**189-197**

- അനുക്രമണിക

# 1

- സുദർശനശംഖചൂഡന്മാരുടെ വരവ് വീഴ്ച
- വ്രജസ്ത്രീകളെ വീണ്ടെടുക്കൽ
- ഗോപികളുടെ വിരഹവിരാമഗാനം
- വിരഹംകടന്നേ ഭക്തി സഫലമാകൂ
- പ്രേമപാരവശ്യത്തെപ്പറ്റി യശോദയോട്
- തട്ടിക്കൊണ്ടുപോക്കിന് വധശിക്ഷതന്നെ
- കംസനെ വീണ്ടുമുണർത്താൻ നാരദൻ
- കൃഷ്ണരാമന്മാരെ കൊണ്ടുവരാൻ അക്രൂരൻ
- ശത്രുനിരയെ തട്ടിത്തകർത്ത് ഗോകുലമുന്നേറ്റം
- അടങ്ങാൻ കൂട്ടാക്കാത്ത ക്രൂരത
- കൃഷ്ണവധമോഹം വെടിയാത്ത മാതുലമനസ്സ്
- രാജകുമാരന്മാരെ വരുത്താൻ രാജോചിതക്ഷണം
- സർവസഹജമായ മന:സമസ്യകൾ
- പൊലിഞ്ഞുവീണ കേശിയാക്രമണം
- ഭാവികഥനവുമായി നാരദൻ കൃഷ്ണൻപക്കൽ
- ഭാവനാമധുരമായ ഗോകുലയാത്ര
- കൃഷ്ണന്റെ കാല്പാടിലുരുണ്ട അക്രൂരഭക്തി
- മഥുരകുശലം തേടുന്ന കൃഷ്ണസൗഹൃദം
- കൃഷ്ണയാത്ര പൊള്ളിച്ച ഗോപീമനസ്സുകൾ
- രഥം ഗോകുലം വിട്ടപ്പോൾ
- വൈകുണ്ഠവിസ്മയം കണ്ട് അക്രൂരസ്തുതി

---

## സുദർശനശംഖചൂഡന്മാരുടെ വരവ് വീഴ്ച

❖ ഭക്തിരസദ്യോതകവും അലൗകികവുമായ രാസലീല കഴിഞ്ഞു. ഇന്ദ്രിയങ്ങൾ ശാന്തമാകാനും, അനർഥകരമായ കാമപീഡ ഒതുങ്ങിക്കിട്ടാനും പറ്റിയതാണ്, രാസലീലാവർണന കേൾക്കുന്നതും വിവരിച്ചുകൊടുക്കുന്നതുമെന്നു പറഞ്ഞുകൊണ്ടാണ് വ്യാസദേവൻ ആ വിവരണം അവസാനിപ്പിച്ച്, പിന്നീടുള്ള കൃഷ്ണചരിതം തുടങ്ങുന്നത്. തികച്ചും ദിവ്യവും, വീര്യപരാക്രമങ്ങൾ നിറഞ്ഞതും, അജയ്യവുമായ ജീവിതവ്യവഹാരങ്ങളാണ് കൃഷ്ണന്റേത്. അതിൽ എവിടേയും ഒരു അപൂർവമംഗളവശം കാണാം.

ലോകം ഭിന്നരുചിയാണ്, അതിൽ എന്തിനും സ്ഥാനമുണ്ട്. അതേസമയം എല്ലാറ്റിനുംമീതെ നന്മ ഉറപ്പുവരുത്താനുള്ള ഒരു നീക്കവും കാണാം. ഇതെല്ലാം ഒരുപോലെ ദൃഷ്ടാന്തപ്പെടുത്തുന്നതാകണം മഹച്ചരിതങ്ങൾ, വിശേഷിച്ചും കൃഷ്ണന്റേതുപോലുള്ളവ. അപ്പോഴേ അവയ്ക്കു സാധാരണക്കാർ ഉറ്റുനോക്കുന്ന ഉത്സാഹവും ആശ്വാസവും ഉറപ്പും വേണ്ടത്ര നല്കാനാകൂ. ഇത്തരം പശ്ചാത്തലത്തിലാണ് വ്യാസതൂലിക കൃഷ്ണചരിതവുമായി മുന്നേറുന്നത്. ❖

**ഏകദാ ദേവയാത്രായാം**
**ഗോപാലാ ജാതകൗതുകാഃ**
**അനോഭിരനഡുദ്യുക്തൈഃ**
**പ്രയയുസ്തേഽംബികാവനം** (10.34.1)

ഒരിയ്ക്കൽ ദിവ്യയാത്രയിൽ ഉത്സാഹംതോന്നിയ ഗോപാല ന്മാർ കാളവണ്ടികളിൽ അംബികാവനത്തേയ്ക്കു പോയി.

അവിടെയെത്തി പരമേശ്വരനേയും പാർവതിയേയും ഭക്തിപൂർവം പൂജിച്ചു. ബ്രാഹ്മണർക്കു പശുക്കളും, സ്വർണവും മറ്റും നല്കി. നന്ദാദികൾ വെള്ളംമാത്രം കുടിച്ചു സരസ്വതീതീരത്തിൽ കഴിച്ചുകൂട്ടി. വിശപ്പോടെ ഇഴഞ്ഞുവന്ന മലമ്പാമ്പ് അപ്പോഴാണ് അവിചാരിതമായി നന്ദഗോപനെ പിടിച്ചത്. "കൃഷ്ണാ, കൃഷ്ണാ" എന്നു നന്ദൻ വിലപിച്ചു. "രക്ഷിയ്ക്കണേ" എന്നായി എല്ലാവരും.

ഗോപാലന്മാരൊക്കെ സടകുടഞ്ഞെഴുന്നേറ്റു തീക്കൊള്ളികൊണ്ട് പാമ്പിനെ തുരുതുരെ അടിച്ചു, ഫലമുണ്ടായില്ല. കൃഷ്ണൻ വന്ന് അതിനെ കാലുകൊണ്ട് ഒന്നു തൊട്ടതും, പാമ്പ് അപ്രത്യക്ഷമായി. പിന്നെ കണ്ടത് ഒരു വിദ്യാധരശ്രേഷ്ഠനെയാണ്. കൃഷ്ണൻ ചോദിച്ചു: "ആരാണങ്ങ്, എന്തു തെറ്റും ശാപവുമാണ് ഭവാന് ഇത്രയ്ക്കു നിന്ദ്യമായ ദശ വരുത്തിയത്?"

അദ്ദേഹം പറഞ്ഞു: "രൂപലാവണ്യമുള്ള സുദർശനൻ എന്ന വിദ്യാധരനാണ് ഞാൻ. അഴകിൽ അഹങ്കരിച്ചുകൊണ്ട് എങ്ങും സഞ്ചരിച്ചിരുന്ന ഞാൻ വിരൂപികളായ അംഗിരസ്സുഗോത്രക്കാരെ പരിഹസിയ്ക്കയുണ്ടായി. അതിനാൽ അവർ എന്നെ പാമ്പാക്കി വിട്ടതാണ്. അതു നന്നായി, കാരണം, അങ്ങയുടെ പാദം എന്നിൽ തട്ടിയല്ലോ. എന്റെ എല്ലാ പാപവും നീങ്ങി. ഞാൻ പോകട്ടെ, അനുജ്ഞ തന്നാലും."

നന്ദഗോപനെ മോചിപ്പിച്ചു സുദർശനൻ പോയി. ഈ ദൃശ്യം കണ്ടുനിന്നിരുന്ന ഗോപവൃന്ദത്തിനു കൃഷ്ണന്റെ അമാനുഷപ്രഭാവം വെളിവായി. അവർ ആ രാത്രി വ്രതാനുഷ്ഠാനമൊക്കെ മുഴുവനാക്കി പിറ്റേന്നു ഗോകുലത്തേയ്ക്കു മടങ്ങി.

ഒരു രാത്രിയിൽ കൃഷ്ണനും രാമനും ഗോപികളുടെ നടുവിലിരുന്നു പാടുകയായിരുന്നു. ഗോപികമാർ മതിമറന്ന് അതു കേട്ടുമിരുന്നു.

അപ്പോൾ കുബേരഭൃത്യനായ ശംഖചൂഡൻ അവിടെ എത്തി, ഗോപികളെ വടക്കോട്ടു തട്ടിക്കൊണ്ടുപോയി. അവർ "കൃഷ്ണ, രാമ, അയ്യോ" എന്നു വിളിച്ചു കരഞ്ഞു. അതുകേട്ടു കൃഷ്ണനും രാമനും അവരെ പിന്തുടർന്നോടി. കൃഷ്ണന്റേയും രാമന്റേയും കയ്യിൽ ഓരോ മരുതുമരമുണ്ട്. ശംഖചൂഡൻ പേടിച്ചു സ്ത്രീകളെ വിട്ട് ഓടാൻ തുടങ്ങി. അവന്റെ ശിരസ്സിലെ രത്നം എടുക്കണമെന്നു കരുതി കൃഷ്ണനും പിന്നാലെ ചെന്നു. ബലരാമൻ വ്രജസ്ത്രീകളെ കാത്തുനിന്നു. കൃഷ്ണൻ ഒപ്പമെത്തി ശംഖ

ചൂഡന്റെ തലയും രത്നവും എടുത്തു മടങ്ങി, രത്നം ജ്യേഷ്ഠനു സമ്മാനിച്ചു.

❖ കൃഷ്ണന് അഴകും ആകർഷണവും മാത്രമല്ല വേണ്ടത്ര വീര്യപരാക്രമങ്ങളുമുണ്ടെന്നാണ് വ്യാസൻ പറയുന്നത്. **മനുഷ്യമനസ്സിനു രസിയ്ക്കാൻ സൗന്ദര്യവും വാങ്മഹിമയും മാത്രംപോരാ, പ്രവൃത്തിമഹത്വം കൂടി വേണം.** കൃഷ്ണനിൽ അതും ആവോളമുണ്ടെന്നു കാണിയ്ക്കുന്ന സംഭവങ്ങളാണ് 34-ാം അധ്യായത്തിൽ വ്യാസദേവൻ വിവരിയ്ക്കുന്നത്.

ശിവരാത്രിവ്രതം അനുഷ്ഠിയ്ക്കാൻ നിശ്ചയിച്ച ഗോപന്മാർ അംബികാവനത്തിലേയ്ക്കു കാളവണ്ടികളിൽ പുറപ്പെട്ടു. പാർവതീപരമേശ്വരപൂജയ്ക്കു ശേഷം, രാത്രി കിടക്കുമ്പോഴാണ് ഒരു മലമ്പാമ്പ് വിശന്നിഴഞ്ഞു വന്നു നന്ദഗോപനെ വളഞ്ഞത്. നന്ദൻ മറ്റൊന്നും ആലോചിച്ചില്ല. മകനെത്തന്നെ വിളിച്ചു ശരണംപ്രാപിച്ചു. അവർക്കൊക്കെ ബോധ്യമായിരുന്നു, കൃഷ്ണൻ എന്താപത്തിൽനിന്നും രക്ഷിയ്ക്കാൻ ശക്തനാണെന്ന്.

അങ്ങനെയായാലും ഗോപന്മാർ വെറുതെയിരുന്നില്ല. ചാടിയെണീറ്റു തീക്കൊള്ളികൾകൊണ്ട് ആ ജന്തുവിനെ പൊതിരെ തല്ലി. ഒരു ഫലവുമുണ്ടായില്ല. കൃഷ്ണൻ ചെന്നു കാലുവെയ്ക്കുമ്പോഴേയ്ക്കും പാമ്പിന്റെ സ്ഥാനത്തു സുന്ദരനായ സുദർശനവിദ്യാധരനാണ് എണീറ്റത്. സുദർശനൻ പറഞ്ഞതോ വളരെ മൂല്യപ്രദമായ വാക്കുകളും! സ്വന്തം അഴകിൽ മത്തുപിടിച്ച താൻ വികലരൂപികളായ അംഗിരസ്സുഗോത്രമഹർഷിമാരെ പരിഹസിച്ചുപോലും. അതിനു കിട്ടിയ ശിക്ഷയാണ് പാമ്പിൻശരീരം.

പ്രപഞ്ചത്തിലെന്തുംതന്നെ ദൈവസൃഷ്ടമാണ്, അതിൽ തികഞ്ഞ വൈവിധ്യം ഒഴിച്ചുകൂടാത്തതും. അങ്ങനെവരുമ്പോൾ, ഉത്കൃഷ്ടനികൃഷ്ടങ്ങളും സുന്ദരവിരൂപികളും ഉണ്ടായേ തീരൂ. ഈ സംമിശ്രതയിൽ മെച്ചപ്പെട്ടവർക്ക് അമിതമായി അഭിമാനിയ്ക്കാനില്ല. കാരണം, അവരുടെ മെച്ചങ്ങൾ, പ്രത്യേകിച്ചും സൗന്ദര്യം, സ്വയം സമ്പാദിച്ചതല്ല.

അപ്പോൾ അഴകില്ലാത്തവരെ അവഹേളിയ്ക്കുന്നതു ശരിയോ? എന്നാൽ അങ്ങനെ ചെയ്യുന്നതിനുള്ള പ്രവണത സാധാരണയാണ്. അതിനെതിരെ എല്ലാവരും ജാഗരൂകരാകണമെന്നാണ് ഭാഗവതത്തിനു പറയാനുള്ളത്. കൃഷ്ണന്റെ ദിവ്യത്വം ചൂണ്ടിക്കാണിയ്ക്കുന്നതേക്കാളേറെ, പരദൂഷണം എത്ര പാപകരമാണെന്നു വിളിച്ചോതുകയാണ് സുദർശനമോചനം.

## ◻ വ്രജസ്ത്രീകളെ വീണ്ടെടുക്കൽ

പിന്നെ നടന്നതാണ് ശംഖചൂഡന്റെ വരവും, വ്രജസ്ത്രീകളെ തട്ടിക്കൊണ്ടുപോകലും. സാധനങ്ങൾ കട്ടുകൊണ്ടുപോകുന്നപോലെയാണ് മനുഷ്യരെ തട്ടിക്കൊണ്ടുപോകലും. അന്നും ഈ സ്വഭാവവും തന്ത്രവും നിലവിലുണ്ടായിരുന്നു.

വിവിധമാണ് മനുഷ്യപ്രകൃതി. അതിൽ വിഭിന്നമാണ് പലരുടേയും ഇഷ്ടം,

ആദർശം. വൈവിധ്യം അർഥവത്താകണമെങ്കിൽ, തെറ്റും ഉപദ്രവവും ക്രൂരതയുമൊക്കെ ഉണ്ടായേ തീരൂ. നല്ലത് അഭിലഷണീയമാകവേ, ചീത്ത അങ്ങനെയല്ല. ചീത്തയെ അതനുസരിച്ചുതന്നെവേണം നേരിടാൻ, കൈകാര്യം ചെയ്യാൻ. വ്രജാംഗനകളെ കൃഷ്ണന്റേയും ബലരാമന്റേയും മുമ്പിൽവെച്ചു തട്ടിക്കൊണ്ടുപോയതിനുള്ള പ്രതിവിധി, ആ കുറ്റം ചെയ്തവന് അന്തിമ ശിക്ഷ നല്കി ഇനിയാർക്കും അങ്ങനെചെയ്യാൻ തോന്നാതിരിയ്ക്കത്തക്ക ദൃഷ്ടാന്തം രചിയ്ക്കതന്നെ. ഇതാണ് കൃഷ്ണൻ ചെയ്തത്. ഇത്തരം മാതൃകാസംഭവങ്ങൾ എന്നേയ്ക്കുമുള്ളതത്രെ!

അന്നൊക്കെ ദേഹബലംമാത്രമേ പ്രയോഗിയ്ക്കാനുണ്ടായിരുന്നുള്ളു. ഇന്നു തട്ടിക്കൊണ്ടുപോകുന്നവർക്കു *റിവോൾവറും, ഏ. കെ.* 47 ഉം മറ്റുമൊക്കെ സുലഭമാണ്. അതനുസരിച്ച പ്രതിരോധങ്ങൾ ഇപ്പുറത്തു സജ്ജമാക്കേണ്ടിവരും. എന്നാലും അക്രമികളെ നേരിടുന്ന രീതിയ്ക്ക് ഒരു മാറ്റവും വരേണ്ടതില്ല.

കൃഷ്ണരാമന്മാരെ നിറുത്തിക്കൊണ്ട് സമാജഭദ്രത ഉറപ്പുവരുത്താനുള്ള ഭരണനയങ്ങൾ വരച്ചുകാണിയ്ക്കയാണ് വ്യാസമുനി. രാജ്യഭരണം നടത്തുന്ന കംസദുഷ്ടനെ വധിയ്ക്കാൻ പിറന്നവന്, അതിനുള്ള മനസ്സും കരുത്തും ഉണ്ടാവണമെന്നു തീർച്ച. പോരാ, ഒരു കംസരാജാവിനെ സഹായിയ്ക്കാനും, രാജശാസന അനുസരിയ്ക്കാനുമായി പലരുമുണ്ടായെന്നും വരാം. അവരെയൊക്കെ ഓർക്കാപ്പുറത്തു നേരിടേണ്ടിവന്നേയ്ക്കാം. അതിനൊക്കെയുള്ള കൗശലവും മതിപ്പും മാനവും ഇല്ലാതെ പറ്റില്ല. അതു വെളിപ്പെടുത്താനും ശീലിപ്പിയ്ക്കാനുമാകണം ഇങ്ങനെ പലതുമുണ്ടാകുന്നത്. ❖

## ഗോപികളുടെ വിരഹവിരാമഗാനം

കൃഷ്ണവിരഹത്താൽ തളർന്നുപോയ ഗോപികൾ പകൽമുഴുവനും കൃഷ്ണചെയ്തികളെ ഓർത്തും പറഞ്ഞും പാടിയും കഴിച്ചുകൂട്ടുകയായിരുന്നു. രാവിലെ പശുക്കളേയുംകൊണ്ട് വനത്തിലേയ്ക്കു പോയ രാമകൃഷ്ണന്മാർ വൈകീട്ടല്ലേ മടങ്ങിയെത്തൂ. അത്രയുംനേരം അവരുടെ അകല്ച്ച ഗോപികൾക്കു വലിയ ഭാരമായി, അതും നിത്യേനയുള്ളത്. വിരഹത്തിന്റെ ഭാരം കുറയ്ക്കാനുള്ള വഴി കൃഷ്ണചെയ്തികൾ മനസ്സിൽ നിറുത്തുന്നതുതന്നെ. ഗോപികൾക്കു വൃന്ദാവനത്തിൽമാത്രമല്ല ആർക്കും എങ്ങും ഇതുതന്നെയാണ് വിരഹനിവാരണത്തിനുള്ള മാർഗം.

**വൃന്ദശോ വ്രജവൃഷാ മൃഗഗാവോ**
**വേണുവാദ്യഹൃതചേതസ ആരാത്**
**ദന്തദഷ്ടകവലാ ധൃതകർണാ**
**നിദ്രിതാ ലിഖിതചിത്രമിവാസൻ** (10.35.5)

ആലയിലുള്ള കാളകളും കാട്ടിലെ മാൻപശുക്കളും കൂട്ടത്തോടെ, ദൂരത്തുനിന്നു കേൾക്കുന്ന വേണുധ്വനിയിൽ മനസ്സ്

ലയിച്ച്, കടിച്ചെടുത്ത പുല്ല് ഇറക്കാതെ, ചെവി അനക്കാതെ, ഉറക്കത്തിലും ചിത്രത്തിലുമെന്നപോലെ നിന്നുപോയി.

മേയുന്ന പശുക്കളെ വിളിച്ചുകൂട്ടാനായി എപ്പോഴൊക്കെ കൃഷ്ണൻ ഓടക്കുഴൽ വിളിച്ചുവോ, അപ്പോഴൊക്കെ ഒഴുകുന്ന നദികൾ പെട്ടെന്നു നിന്നുപോകുന്നത്രെ. വനത്തിലെ വൃക്ഷലതാദികൾ ആ ധ്വനി കേട്ടു കോൾമയിർകൊണ്ട് ആനന്ദമഗ്നമായി പൂക്കളുടേയും കായകളുടേയും ഭാരത്താൽ കൊമ്പുകൾ ചായ്ച്ചു പൂക്കൾവഴി തേൻ ഇറ്റിറ്റുവീഴ്ത്തുന്നു. മനോഹരനായ കൃഷ്ണന്റെ കൂടുതൽ മനോഹരമായ വേണുഗാനം കേൾക്കവേ, തടാകത്തിലെ കൊറ്റികളും അരയന്നങ്ങളും കണ്ണടച്ച് അനങ്ങാതെയിരുന്ന് അതു നുണയുന്നതു കാണുമ്പോൾ കൃഷ്ണനെ മൗനമായി ഉപാസിയ്ക്കയാണെന്നേ തോന്നൂ.

ബലരാമനുമൊത്തു ഗോവർധനത്തിലെ താഴ്വരകളിൽ വിശ്രമംകൊള്ളുന്ന കൃഷ്ണൻ ചിലപ്പോഴൊക്കെ പുല്ലാങ്കുഴൽ വിളിയ്ക്കുന്നതു കേട്ട മേഘങ്ങൾ, ആ സുന്ദരമൂർത്തിയെ താണ്ടിക്കടക്കാൻ മടിച്ചു വേണുനാദത്തിനൊത്തു മുറുമുറുശബ്ദമുണർത്തി സായുജ്യം വരിയ്ക്കുമത്രെ. മാത്രമല്ല അവരുടെ നിഴൽപ്പൂക്കളാൽ സ്നേഹിതനെ മൂടുകയും ചെയ്യും. ബ്രഹ്മാവ് ശിവൻ, ഇന്ദ്രൻ എന്നിവരെപ്പോലും മോഹിപ്പിയ്ക്കുന്നതാണ് ഹൃദയഹരമായ ആ വേണുഗാനം.

**നിജപദാബ്ജദലൈർധ്വജവജ്ര-**
**നീരജാങ്കുശവിചിത്രലലാമൈഃ**
**വ്രജഭുവഃ ശമയൻ ഖുരതോദം**
**വർഷ്മധുര്യഗതിരീഡിതവേണുഃ**

**വ്രജതി തേന വയം സവിലാസ-**
**വീക്ഷണാർപിതമനോഭവവേഗാഃ**
**കുജഗതിം ഗമിതാ ന വിദാമഃ**
**കശ്മലേന കബരം വസനം വാ** (10.35.16,17)

കൊടി, വജ്രം, കമലം, അങ്കുശം എന്നീ വിചിത്ര അടയാളങ്ങളുള്ള സ്വന്തം പാദകമലദളങ്ങളോടെ പശുക്കളുടെ കുളമ്പു തട്ടിയ വേദനയെ ശമിപ്പിയ്ക്കാനെന്നവണ്ണം മഹാഗജത്തോടൊത്ത നടത്തവുമായി പുല്ലാങ്കുഴലൂതിക്കൊണ്ട് വ്രജഭൂമിയിലേയ്ക്കു നീങ്ങുന്ന കൃഷ്ണന്റെ വീക്ഷണവിലാസങ്ങളിലുള്ള മന്മഥതരംഗങ്ങളിൽപ്പെട്ട് അവശരായ ഞങ്ങൾ, വൃക്ഷാവസ്ഥയിലേയ്ക്കു പോയിരിയ്ക്കുന്നതിനാൽ, മുടി അഴിഞ്ഞുവീഴുന്നതോ, മേൽവസ്ത്രം ഉരുമ്മിയിറങ്ങുന്നതോ അറിയുന്നില്ല.